I/100124/2023

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ജിത.ബി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)- No.1590/2023 മേലുള്ള 05.10.2023 ലെ ഉത്തരവ് - അനുപാലിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. Order of Hon'ble KAT in OA (EKM)-1590/2023 dated 05.10.2023

2. ഡോ ജിത.ബി, ജൂനിയർ കൺസൾട്ടന്റ്, ഇ.എൻ.ടി 30.08.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ് നം. ഇ.എ1-19281/2023/ആ.വ.ഡ തീയതി : 30-10-2023</u>**

പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ ജിത.ബി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM ) No.1590 /2023 ന്റെ 05.10.2023 ലെ ഉത്തരവിൽ ഇരിഞ്ഞാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവു നികത്തുന്നതിന് മുൻപായി അപേക്ഷക Annexure A8 ആയി സമർപ്പിച്ച അപേക്ഷ പരിഗണിക്കണമെന്ന് 1st respondent ആയ ആരോഗ്യ വകുപ്പ് ഡയറക്ടർക്കു നിർദേശം നൽകിയിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം ഡോ ജിത.ബി സമർപ്പിച്ച അപേക്ഷയിൽ ഇരിഞ്ഞാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റത്തിലൂടെ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ടിയാരി 30.05.2022 മുതൽ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യൽറ്റി ആശുപത്രിയിൽ ജോലി ചെയ്യുന്നു. 2022 ലെ പൊതു സ്ഥലം മാറ്റത്തിൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യൽറ്റി ആശുപത്രി ഡോ. ജിത.ബിയുടെ ഓപ്ഷൻ ആയിരുന്നില്ല. ആയതിനാൽ ഇരിഞ്ഞാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ വന്ന ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റത്തിനു അപേക്ഷ സമർപ്പിച്ച മറ്റ് മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ടി ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് കൂടുതൽ യോഗ്യതയുള്ളത് ഡോ. ജിത.ബിയ്ക്കാണ് എന്ന് കാണുന്നു.

I/100124/2023

3. മേൽ സാഹചര്യത്തിൽ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യൽറ്റി ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ ജിത.ബിയെ ഇരിഞ്ഞാലക്കുട താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു ഉത്തരവാകുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA(EKM)- No.1590/2023** ന്മേലുള്ള **05.10.2023** ലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ചു ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 30-10-2023 13:38:05

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ജിത.ബി, ജൂനിയർ കൺസൾട്ടന്റ്, ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ, പാലക്കാട്

പകർപ്പ് :
1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്